ശ്രീ. എം. നാരായണക്കുറുപ്പ്: ഡിസ്ട്രിക്ട് കൗൺസിലിലെ ഗ്രൂപ്പാർശകരും ഗവണ്മെന്റും പ്രസിദ്ധപ്പെടുത്തുമോ? അങ്ങനെ എം. എൽ. എ. മാർക്ക് അതുക്ഷേപം സമർപ്പിക്കാനുള്ള അവസരം കൊടുക്കുമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. എം. ജോർജ്ജ്: ഡി. ഡി. സി യുടെ നിർദ്ദേശം കിട്ടിയാൽ ഡി. ഡി. സി. അംഗങ്ങളല്ലാത്ത എം. എൽ. എ. മാർക്ക് അതിന്റെ കാപ്പി അയച്ചു കൊടുക്കുമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഇ. പി. പൗലോസ്: നിലവിലിരിക്കുന്ന ബ്ലോക്കുകളുടെ പ്രവർത്തനത്തിന് തടസ്സം വരാത്തനിലയിൽ അതിന്റെ ടെറിറ്റോറിയൽ ഇന്റഗ്രിറ്റി നഷ്ടപ്പെടുത്താതിരിക്കാൻ നിർദ്ദേശം കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അങ്ങനെ ഇന്ന വിധത്തിൽ ചെയ്യണമെന്ന നിർദ്ദേശം കൊടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: ഏതെങ്കിലും ഡി. ഡി. സി. യുടെ നിർദ്ദേശം കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇല്ല.

ശ്രീമതി കുസുമം ജോസഫ്: ഇതുവരെ ബ്ലോക്കിൽപ്പെടാത്ത സ്ഥലങ്ങൾ അടുത്ത ബ്ലോക്കുകളോട് ചേർക്കുമ്പോൾ ആ സ്ഥലങ്ങൾ സഫർ ചെയ്യുമെന്ന ഗവണ്മെന്റിന് അഭിപ്രായമില്ലേ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതിനു പരിഹാരം കാണണമെങ്കിൽ എങ്ങനെയെന്ന് ആലോചിക്കാവുന്നതാണ്.

കുളത്തൂമ്മൽ വില്ലേജ്.

* 1682 [16] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സമയം മറുപടിനൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ കുളത്തൂമ്മൽ വില്ലേജ് ഒഴികെയുള്ള മറ്റെല്ലാ വില്ലേജുകളും നെയ്യാറ്റിൻകര താലൂക്കിലെ ഏതെങ്കിലും എൻ. ഇ. എസ്. ബ്ലോക്കിൽ ഉൾപ്പെടുത്തണമെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുളത്തൂമ്മൽ വില്ലേജും ഏതെങ്കിലും ഒരു എൻ. ഇ. എസ്. ബ്ലോക്കിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനു നടപടി കൈക്കൊള്ളാൻ സന്നദ്ധരാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ) ഉണ്ട്.

(ബി) അതിനെപ്പറ്റി നടപടികൾ എടുത്തുവരുന്നുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: കുളത്തൂമ്മൽ വില്ലേജ് വെള്ളനാട് ബ്ലോക്കിൽപ്പെടുന്നതായി ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇപ്പോഴില്ലല്ലോ. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നെയ്യാറിൻകര താലൂക്കിലായിരുന്നു. ഇപ്പോൾ താലൂക്ക് മാറിയതാണ് വന്നിട്ടുള്ളത്. കുഴപ്പം.

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്നാലും വെള്ളനാട് ബ്ലോക്കിൽ ചേർന്നു പ്രവർത്തിക്കാൻ സാധിക്കും. അതിനു കൂടുതൽ നടപടിയെന്തും വേണ്ട.

ആന്ധ്രായിൽനിന്നും അരിവാങ്ങിയ ഇനത്തിൽ കൊടുക്കേണ്ട കൂലി കൊടുത്തുകഴിഞ്ഞു

* 1683. [22] ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

ആന്ധ്രായിൽനിന്നും അരി വാങ്ങിച്ച ഇനത്തിൽ കേരളസർക്കാർ മദ്രാസിലെ ശ്രീരാമുലു കമ്പനിക്കും, ആന്ധ്രാ മിൽ ഓണേഴ്സ് അസോസിയേഷനും കൂലി കൊടുക്കാനുള്ള ഇനത്തിൽ എത്ര രൂപയാണ് ഇനി കൊടുത്തു തീർക്കാനുള്ളതെന്നും, അല്ലാത്തപക്ഷം മേലിൽ അരി സപ്ലൈ ചെയ്യുകയില്ലെന്നും അറിയിച്ചിട്ടുണ്ടോ?

ഭക്ഷ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്): ആന്ധ്രാപ്രദേശിൽനിന്നും അരി വാങ്ങിയ ഇനത്തിൽ മദ്രാസിലെ ശ്രീരാമുലു കമ്പനിക്കും, ആന്ധ്രാപ്രദേശ് റൈസ്മിൽഴ്സ് അസോസിയേഷനും എത്രരൂപ കൂലി കൊടുക്കാനുണ്ടെന്നുള്ള കാര്യം ഗവൺമെന്റിൽനിന്നും ചെല്ലുവന്നിട്ടുള്ളതുകൊണ്ട് ഉടനെ നൽകണമെന്നും അറിയിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം മേലിൽ അരി സപ്ലൈ ചെയ്യുകയില്ലെന്നും അറിയിച്ചിട്ടില്ല.

ശ്രീ. എ. എൽ. ജേക്കബ്: എത്ര രൂപാ കൊടുക്കാനുണ്ടെന്നു പറയാമോ?

ശ്രീ. കെ. സി. ജോർജ്: അതു കണക്കു നോക്കാതെ പറയാൻ സാധ്യമല്ല.

റബ്ബർ ഫാക്ടറിയുടെ പ്രവർത്തനം.

* 1684. [26] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റബ്ബർ ഫാക്ടറി പ്രവർത്തനം ഇപ്പോൾ നഷ്ടത്തിൽ തന്നെ നടന്നുവരുന്നതു; ഫാക്ടറിയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ടതാവശ്യമാണെന്നു ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനകം വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ): (എ, ബി) റബ്ബർ ഫാക്ടറി ഇപ്പോൾ നഷ്ടത്തിലല്ല നടന്നുവരുന്നതു്. ഫാക്ടറിയുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കേണ്ടതാണെന്നു ഗവൺമെന്റ് കരുതുകയും, കഴിഞ്ഞ ഡിസംബറിൽ തന്നെ കൺഫർമൻസ് വിളിച്ചുകൂട്ടി ചില തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ടു്. ആ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണു്.

(സി) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം ടെക്നിക്കൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗവും തമ്മിൽ വേർതിരിച്ചു. അതുപോലെ വിതരണ എഞ്ചിനീയറുടെ വ്യവസ്ഥകൾ കൂടുതൽ ആദായകരമായ നിലയിൽ പുതുക്കി. വർക്കേഡ് നിശ്ചയിക്കുന്നതിനു് വിദഗ്ദ്ധന്മാരെ നിശ്ചയിച്ചു

LIBRARY ARCHIVES Kerala Legislative Assembly